## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *121 14.12.2012 ൽ മറുപടിയ്ക്ക്

# കർഷക ഗ്രൂപ്പുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ. മുരളീധരൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടോ; | **(എ)** ഉണ്ട് |
| **(ബി)** ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | **(ബി)** കൃഷി വകുപ്പിന് കീഴിൽ യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന 6 മൊത്ത വ്യാപാര വിപണികളുടെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി അതാതു പ്രദേശങ്ങളിൽ കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ആകെ 70 കർഷകഗ്രൂപ്പുകളാണ് 6 മൊത്ത വ്യാപാര വിപണികളുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ളത്. ഓരോ ഗ്രൂപ്പുകളിലും അംഗങ്ങളായുള്ള കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കി വിപണനത്തിനുള്ള സൗകര്യം ഒരുക്കി കൊടുക്കുകയാണ് ഗ്രൂപ്പുകളിലൂടെ സാധ്യമാകുന്നത്. കർഷകരുടെ ഉല്പന്നങ്ങൾ സംഭരിച്ച് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ട്രാൻസ്പോർട്ട് ചെയ്ത് വിപണിയിലെത്തിച്ച് ലേലം നടത്തി വരുന്നു. |
| **(സി)** കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് വിറ്റഴിക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഇല്ലാതാക്കാനും എന്തെല്ലാം സൗകര്യങ്ങളാണ് ഇതിലുള്ളത്; വിശദമാക്കുമോ; | **(സി)** കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ മൊത്ത വ്യാപാര വിപണികളിൽ നേരിട്ട് കൊണ്ടുവന്ന് ലേലം നടത്തി വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്. അതിനായി ഓരോ വിപണിയുടെയും പരിസരത്തുള്ള കർഷക ഗ്രൂപ്പുകളിൽ നിന്നുള്ള ഉല്പന്നങ്ങൾ ഒന്നിച്ച് ശേഖരിച്ച് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ വിപണിയിലൂടെ വിപണനം ചെയ്യുന്നതുമൂലം ഇടനിലക്കാരുടെ |

ചൂഷണം ഇല്ലാതാകുന്നു. കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി കൃഷിവകുപ്പിന്റെ മാർക്കറ്റിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഉല്പന്നങ്ങളുടെ അടിസ്ഥാനവില നിശ്ചയിച്ചിട്ടാണ് ലേലം നടത്തി വരുന്നത്. കാർഷിക ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ടിംഗ് സബ്സിഡിയും നൽകുന്നുണ്ട്. ലേലങ്ങളിൽ കച്ചവടക്കാർ വിലതാഴ്ത്തി വാങ്ങാതിരിക്കുന്നതിനായി ഹോർട്ടികോർപ്പ് എല്ലാ ലേലങ്ങളിലും പങ്കെടുക്കുന്നു.

**(ഡി)** ഉല്പന്നങ്ങൾ വിറ്റഴിക്കാതെ വരികയാണെങ്കിൽ അവ ലേലം ചെയ്യുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് അവകാശം നൽകുന്നകാര്യം പരിഗണിക്കുമോ?

**(ഡി)** കർഷക ഗ്രൂപ്പുകളിൽ നിന്നുള്ള ഉല്പന്നങ്ങൾ മൊത്ത വ്യാപാര വിപണികളിൽ നിശ്ചിത ദിവസങ്ങളിൽ നടത്തുന്ന ലേലത്തിലൂടെയാണ് വിറ്റഴിക്കുന്നത്. ലേലത്തിൽ ന്യായമായവില ലഭിക്കാതെ വിറ്റഴിക്കാൻ സാധിക്കാതെ വരുന്ന ഉല്പന്നങ്ങൾ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള അടിസ്ഥാനവില നൽകി ഹോർട്ടികോർപ്പ് സംഭരിക്കുന്നു.

സെക്ഷൻ ഓഫീസർ

<u>വിശദീകരണക്കുറിപ്പ്</u>

കൃഷിവകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട്, ആനയറ എന്നിവിടങ്ങളിലും എറണാകുളം ജില്ലയിൽ മരട്, മൂവാറ്റുപുഴ എന്നിവിടങ്ങളിലും വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരിയിലും, കോഴിക്കോട് ജില്ലയിൽ വേങ്ങേരിയിലും ആയി 6 മൊത്ത വ്യാപാര വിപണികളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നത്. ഈ വിപണികളിൽ കർഷകർ അവരുടെ ഉല്പന്നങ്ങൾ നേരിട്ടുകൊണ്ടുവന്ന് ലേലം നടത്തി വിപണനം നടത്തിവരുന്നു. അതിനായി ഒരോ വിപണിയുടെയും പരിസര പ്രദേശത്തുള്ള കർഷകരെ ഗ്രൂപ്പുകളാക്കിയിട്ടുണ്ട്. ആനയറ വിപണിയോടനുബന്ധിച്ച് 5 കർഷക ഗ്രൂപ്പുകളും, മരട് വിപണിയിൽ 10 ഗ്രൂപ്പുകളും, മൂവാറ്റുപുഴ വിപണിയിൽ 21 ഗ്രൂപ്പുകളും, വേങ്ങേരിയിൽ 10 ഗ്രൂപ്പുകളും, സുൽത്താൻ ബത്തേരിയിൽ 24 കർഷക ഗ്രൂപ്പുകളുമാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. കർഷക ഗ്രൂപ്പുകളിൽ നിന്നും കൊണ്ടുവരുന്ന ഉല്പന്നങ്ങൾ തരംതിരിച്ച് ഗുണനിലവാരത്തിനനുസൃതമായി അടിസ്ഥാന വില നിശ്ചയിക്കുകയും ഉല്പന്നങ്ങൾ കൊണ്ടുവരുന്നതിനുള്ള ട്രാൻസ്പോർട്ടിംഗ് സബ്സിഡി കർഷകർക്ക് നൽകുകയും ചെയ്യുന്നു. കർഷകർക്ക് ന്യായമായ വില ഉറപ്പു വരുത്തുന്നതിനായി കൃഷി വകുപ്പിന്റെ മാർക്കറ്റിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് ഉല്പന്നങ്ങളുടെ അടിസ്ഥാന വില നിശ്ചയിക്കുന്നത്. മരട് വിപണിയിൽ ആഴ്ചയിൽ ഒരു ദിവസവും നെടുമങ്ങാട്, മൂവാറ്റുപുഴ, വേങ്ങേരി, ആനയറ വിപണികളിൽ ആഴ്ചയിൽ 2 ദിവസം വീതവും സുൽത്താൻ ബത്തേരിയിൽ ആഴ്ചയിൽ 3 ദിവസം വീതവും ലേലം നടത്തി വരുന്നു. ലേലങ്ങളിൽ കച്ചവടക്കാർ വില താഴ്ത്തി വാങ്ങാതിരിക്കുന്നതിനായി ഹോർട്ടി കോർപ്പ് എല്ലാ ലേലങ്ങളിലും പങ്കെടുക്കുന്നു. ലേലത്തിൽ ന്യായമായ വിലയ്ക്ക് വിറ്റഴിക്കാൻ സാധിക്കാത്ത ഉല്പന്നങ്ങൾ അടിസ്ഥാനവില നൽകി ഹോർട്ടികോർപ്പ് സംഭരിക്കുന്നു. അങ്ങനെ കർഷക ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ മൊത്തവ്യാപാര വിപണികളിലൂടെ നടത്തുന്ന വിപണനം കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നു. അങ്ങനെ കർഷകരുടെ താല്പര്യം മുൻനിർത്തി വിപണികളിലൂടെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് കർഷക ഗ്രൂപ്പുകളുടെ എണ്ണവും വർദ്ധിപ്പിച്ചു വരുന്നു.